**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സി.എൽ.ആർ ഡ്രൈവേഴ്സായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ ഫയൽ ചെയ്ത OA (EKM) No.509/2017 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/03/2017 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2643/2017/തസ്വഭവ തീയതി, തിരുവനന്തപുരം : 31/07/2017

പരാമർശം : 1) 22/04/1982 ലെ സ.ഉ.(എം.സ്) നം.14/82/എൽ.ബി.ആർ.
2) 07/08/2000 ലെ സ.ഉ.(എം.എസ്) നം.232/2000/തസ്വഭവ.
3) 29/03/2001 ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ.
4) ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ സർക്കാരിന് സമർപ്പിച്ച അപേക്ഷ (Annexure A7).
5) ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ ഫയൽ ചെയ്ത OA (EKM) No.509/2017 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/03/2017 ലെ അന്തിമ വിധിന്യായം.
6) നഗരകാര്യ ഡയറക്ടറുടെ 08/03/2017 ലെ ഇ 2-10862/15 നമ്പർ കത്ത്.
7) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 17/07/2017 ലെ എച്ച്8-34163/08 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സി.എൽ.ആർ ഡ്രൈവേഴ്സായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ, തങ്ങളെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.509/2017 മേലുള്ള ബഹു.കോടതിയുടെ പരാമർശം (5) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ ബഹു.കോടതി ഇപ്രകാരം നിർദ്ദേശിച്ചിരുന്നു.

"The Original Application is disposed of with a direction to the first respondent to take a decision on Annexure A7 representation in the light of Annexures A1 to A6 orders after hearing the applicants and the third respondent within a period of three months from the date of receipt of a certified copy of this order".

2) മേൽപ്പറഞ്ഞ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവരെയും മൂന്നാം എതിർ കക്ഷിയായ കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയേയും തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പിന്റെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. താൻ 01/03/1989 മുതൽ കിളികൊല്ലൂർ പഞ്ചായത്തിലും പിന്നീട് കിളികൊള്ളൂർ പഞ്ചായത്തുകൂടി ഉൾപ്പെടുത്തി 2000 ഒക്ടോബറിൽ കൊല്ലം കോർപ്പറേഷൻ രൂപീകരിച്ചപ്പോൾ മുതൽ കൊല്ലം

കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ (സി.എൽ.ആർ) ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരുന്നുവെന്ന് ശ്രീ.ജി.കുഞ്ഞുമോനും, താൻ 15/10/1995 മുതൽ വടക്കേവിള പഞ്ചായത്തിലും പിന്നീട് വടക്കേവിള പഞ്ചായത്തുകൂടി ഉൾപ്പെടുത്തി 2000 ഒക്ടോബറിൽ കൊല്ലം കോർപ്പറേഷൻ രൂപീകരിച്ചപ്പോൾ മുതൽ കോല്ലം കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ (സി.എൽ.ആർ) ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരുന്നുവെന്ന് ശ്രീ.എസ്.സുരേഷ് ബാബുവും, താൻ 10/06/1998 ലെ കൗൺസിൽ തീരുമാനപ്രകാരം 31/03/1998 മുതൽ കൊല്ലം നഗരസഭയിൽ ജെ.സി.ബി.എസ്കവേറ്റർ ഓപ്പറേറ്ററായി ജോലി നോക്കി വരുന്നുവെന്ന് ശ്രീ.ബി.ഹരിദാസും ഹിയറിംഗിൽ ബോധിപ്പിച്ചു.

3) കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ ആകെ 40 വാഹനങ്ങൾ ഉള്ളതിൽ 28 വാഹനങ്ങൾ നിലവിൽ ഉപയോഗിച്ചുവരുന്നുവെന്നും എന്നാൽ ടി വാഹനങ്ങൾ ഓടിക്കുന്നതിലേയ്ക്ക് 13 ഡ്രൈവർ തസ്തികയും ഒരു റോഡ് റോളർ ഡ്രൈവർ തസ്തികയും ഉൾപ്പെടെ 14 സ്ഥിരം തസ്തിക മാത്രമാണ് നിലവിലുള്ളതെന്നും അവയിൽ 9 സ്ഥിരം ജീവനക്കാർ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നുവെന്നും , വിവിധ പഞ്ചായത്തുകൾ കോർപ്പറേഷനോട് കൂട്ടിച്ചേർത്തെങ്കിലും ഡ്രൈവർ തസ്തികയിൽ നാളിതുവരെ യാതൊരു വർദ്ധനയും ഉണ്ടായിട്ടില്ലായെന്നും നഗരസഭയിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം കൂടുതലായതിനാൽ കോർപ്പറേഷനിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വാഹനങ്ങൾ ഉൾപ്പെടെ ഓടിക്കുന്ന ആവശ്യത്തിലേയ്ക്ക് സി.എൽ.ആർ / ഡിഎൽ.ആർ വ്യവസ്ഥയിൽ 11 ഡ്രൈവർമാരെ നിയോഗിച്ചിരിക്കുകയാണെന്നും ഹർജിക്കാരായ ശ്രീ.കുഞ്ഞുമോൻ, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ 2000 മുതൽ സി.എൽ.ആർ ഡ്രൈവർമാരായും, ശ്രീ.ബി.ഹരിദാസ് 1998 മുതൽ സി.എൽ.ആർ എക്സവേറ്റർ ഓപ്പറേറ്ററായിട്ടും കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സേവനമനുഷ്ഠിച്ചു വരുന്നവരാണെന്നും. നഗരസഭയിൽ താൽക്കാലിക ഡി.എൽ.ആർ വിഭാഗം ജീവനക്കാരെ നേരിട്ട് സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥയില്ലായെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരെ സബ്സ്റ്റിറ്റ്യൂട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനുശേഷം നിലവിലുള്ള തൊഴിലാളികൾ പെൻഷനാകുന്ന ഒഴിവുകളിലേയ്ക്ക് സ്ഥിരപ്പെടുത്തുകയാണ് ചെയ്തുവരുന്നതെന്നും ആയതിനാൽ ടിയാളുകളെ സബ്സ്റ്റിറ്റ്യൂട്ട് വർക്കർമാരായി നിയോഗിച്ചതിനുശേഷം മാത്രമേ സ്ഥിരനിയമനം നൽകുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നുള്ളൂവെന്നും പരാമർശം (7) പ്രകാരം കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ നിലവിലുള്ള വാഹനങ്ങൾക്കനുസൃതമായി ഡ്രൈവർ തസ്തികയില്ലായെന്നും ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരെയാണ് ഇതിനായി നിയോഗിക്കുന്നതെന്നും അതിനാൽ കൂടുതൽ തസ്തികകൾ അനുവദിക്കേണ്ടതുണ്ടെന്നും അതിനുള്ള സാമ്പത്തികശേഷി കോർപ്പറേഷനുണ്ടെന്നും അധിക തസ്തികകൾ ഉണ്ടായാൽ മാത്രമേ ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരെ സബ്സ്റ്റിറ്റ്യൂട്ട് തൊഴിലാളികളായി നിയമിച്ചശേഷം മാത്രമേ സ്ഥിരനിയമനം നൽകുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നുള്ളൂവെന്ന് പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെയും നഗരകാര്യ ഡയറക്ടറുടെയും റിപ്പോർട്ടുകൾ സഹിതം സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സബ്സ്റ്റിറ്റ്യൂട്ട് തൊഴിലാളികളായി നിയമിക്കപ്പെടേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട തൊഴിലാളികളെയാണ്. പരാമർശം (2) പ്രകാരം 31/12/1991 വരെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ മാത്രം 22/04/1982 ലെ സ.ഉ.(എം.സ്) നം.14/82/എൽ.ബി.ആർ ഉത്തരവിന് വിധേയമായി സബ്സ്റ്റിറ്റ്യൂട്ട് തൊഴിലാളികളായി നിയമിക്കാമെന്നും, തുടർന്ന് പരാമർശം (2) പ്രകാരം 31/12/2000 വരെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെമാത്രം 22/04/1982 ലെ സ.ഉ.(എം.സ്) നം.14/82/എൽ.ബി.ആർ ഉത്തരവിന് വിധേയമായി സബ്സ്റ്റിറ്റ്യൂട്ട് തൊഴിലാളികളായി നിയമിക്കാമെന്നും ടി ഉത്തരവിന് രണ്ട് പ്രാവശ്യം ഭേദഗതി വരുത്തിയിട്ടുണ്ട്. ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി ലിസ്റ്റും സബ്സ്റ്റിറ്റ്യൂട്ട്

തൊഴിലാളികളായി ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി ലിസ്റ്റും വെവ്വേറെ പ്രസിദ്ധീകരിക്കണമെന്നും ഒഴിവുണ്ടാകുന്ന മുറയ്ക്ക് രണ്ട് ലിസ്റ്റിൽ നിന്നും പരാതിക്ക് ഇടവരാതെ നിയമനം നടത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടായിരുന്നു ഉത്തരവ്.

6) കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ പരാമർശം (1) ലെ ഉത്തരവിന് വിധേയമായിട്ടല്ല ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. പരാമർശം (2) ലെയും (3) ലെയും സർക്കാർ ഉത്തരവുകൾ ഇവർക്ക് ബാധകവുമല്ല. കൂടാതെ ടിയാന്മാരുടെ ആവശ്യം മുൻപ് ധനകാര്യവകുപ്പ് നിരസിച്ചിട്ടുള്ളതുമാണ്.

7) മേൽ സാഹചര്യത്തിൽ, കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സി.എൽ.ആർ ഡ്രൈവേഴ്സായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കുഞ്ഞുമോൻ, ശ്രീ.ബി.ഹരിദാസ്, ശ്രീ.എസ്.സുരേഷ് ബാബു എന്നിവർ, തങ്ങളെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8) പരാമർശം (5) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**